**സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ നടപടി**

വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം:- ഡി.ഇ.എസ് - ജീവനക്കാര്യം - റിസർച്ച് അസിസ്റ്റന്റ് /സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ /എക്സ്റ്റൻഷൻ ആഫീസർ (പി & എം) / കമ്പ്യൂട്ടർ സൂപ്പർ വൈസർ തസ്തികയിൽ സ്ഥലംമാറ്റം നൽകിയ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) ഈ ആഫീസിലെ 23/06/2016 ലെ ഇതേ നമ്പർ ഉത്തരവ് .
2) ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 29/06/2016 ലെ OA.No. 1429/2016 ഇടക്കാല ഉത്തരവ്.
3) ഡയറക്ടർ ജനറൽ 2/07/2016 ന് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ സമർപ്പിച്ച സത്യവാങ്മൂലം.
4) ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 4/07/2016 ലെ MA.No. 1981/2016 in OA.No. 1429/2016 ഉത്തരവ്.

**<u>ഉത്തരവ് നമ്പർ ഇ.ബി (2) 1000/2016/ഡി.ഇ.എസ് തീയതി: 5/07/2016</u>**

പരാമർശം (1) ഉത്തരവ് പ്രകാരം മലപ്പുറം ടൗൺ പ്ലാനിംഗ് ആഫീസിലെ റിസർച്ച് അസിസ്റ്റന്റായ ശ്രീ.കെ.സുരേഷിനെ കണ്ണൂർ പ്രിൻസിപ്പൽ കൃഷി ആഫീസിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരുന്നു. പരാമർശം (2) പ്രകാരം ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് ഒരു മാസത്തേക്ക് സ്റ്റേ ചെയ്തിരുന്നു. ആയതിന്മേൽ പരാമർശം (3) പ്രകാരം വകുപ്പ് സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ആറ് ആഴ്ചത്തേക്ക് അപേക്ഷകനായ ശ്രീ.കെ.സുരേഷിനു മാത്രമായി സ്റ്റേ പരിമിതപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ ശ്രീ.കെ.സുരേഷ്, റിസർച്ച് അസിസ്റ്റന്റിനെ മലപ്പുറം ടൗൺ പ്ലാനിംഗ് ആഫീസിലും, ശ്രീമതി.രത്നകുമാരി.സി.കെ, സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടറെ ഏറനാട് താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസിലും നിലനിർത്തികൊണ്ടും, ശ്രീ.ടി.ജി വർഗിസിനെ കണ്ണൂർ പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ആഫീസിൽ (ശ്രീമതി തനു കാര്യങ്കണ്ടിക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവ്) സ്ഥലംമാറ്റി നിയമിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിൽ ദേഭഗതി വരുത്തി ഉത്തരവാകുന്നു.

(ഒപ്പ്)
വി.രാമചന്ദ്രൻ
**ഡയറക്ടർ ജനറൽ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നിയന്ത്രണാധികാരി മുഖേന)

*പകർപ്പ് :-*

1) എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
2) ബ്ളോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, ബ്ളോക്ക് ഡെവലപ്പ്മെന്റ് ഓഫീസ്, സുൽത്താൻ ബത്തേരി, വയനാട്.
3) പ്രിൻസിപ്പൽ കൃഷി ഓഫീസർ, പ്രിൻസിപ്പൽ കൃഷി ഓഫീസ് കണ്ണൂർ
4) ഡെപ്യൂട്ടി ഡയറക്ടർ (കമ്പ്യൂട്ടർ) (വെബ്സൈറ്റിൽപ്രസിദ്ധീകരിക്കുന്നതിന്)
5) ഡയറക്ടർ ജനറൽ/ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ സി.എ
6) സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ(അഡ്മിനിസ്ട്രേഷൻ)
7) ഫയൽ /സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Ajayakuma

**സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)**